**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ബില്ലുകളിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വീടുകളിൽ ഉപയോഗിക്കുന്ന കുടിവെള്ളത്തിന് സ്പോട്ട് ബില്ലുകൾ നിർത്തി ഓൺലൈനായി ബിൽ തുക ലഭ്യമാക്കുമ്പോൾ ഉപഭോക്താവിൽ നിന്ന് അമിത ബില്ലുകൾ ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള പിഴവ് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | ആദ്യ ഘട്ടമായി തിവനന്തപുരം നഗര (North & South) ഡിവിഷനുകളിലാണ് ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രിന്റഡ് ബില്ലിന് പകരം എസ് എം എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇവിടങ്ങളിൽ ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും ദ്വൈമാസ ബില്ലിംഗ് സംവിധാനമാണ് നിലവിലുള്ളത്. ബിൽ സംബന്ധിച്ച് ചില പരാതികൾ തുടക്കത്തിൽ ഉണ്ടായിരുന്നത് പരിഹരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ വീടുകളിലും ഓൺലൈൻ ബില്ലുകൾ നൽകുമ്പോൾ അവരുടെ നിലവിലെ ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐഡികൾ എന്നിവ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ യഥാർത്ഥ ഉപഭോക്താവിന് ബിൽ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | എല്ലാ ഉപഭോക്താക്കളുടെയും ഫോൺ നമ്പരുകൾ, ഇമെയിൽ ഐഡി എന്നിവ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ പൂർത്തിയായി വരുന്നു. വാട്ടർ ചാർജ് ബില്ലുകൾ ഓൺലൈനായി ഡൌൺലോഡ് ചെയ്ത് പ്രിൻറെടുക്കാനുള്ള സംവിധാനം വാട്ടർ അതോറിട്ടിയുടെ ഓൺലൈൻ പേയ്മെന്റ് സൈറ്റിൽ (quick pay) നൽകിയിട്ടുണ്ട്. എല്ലാ ഉപഭോക്താക്കൾക്കും അവസാന ബിൽ ഈ സംവിധാനം ഉപയോഗിച്ച് എടുക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ബില്ലുകൾ നേരിട്ട് നൽകിവരുന്നുമുണ്ട് . |
| (സി) | ഉപഭോക്താവിന്റെ നിലവിലെ ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐഡികൾ എന്നിവ അപ്ഡേറ്റ് ചെയ്യാത്തതുമൂലം ഉണ്ടാകുന്ന പിഴത്തുക ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ അപ്ഡേറ്റ് ചെയ്യാത്തതുമൂലം പിഴ ചുമത്തുന്നില്ല |

സെക്ഷൻ ഓഫീസർ